# നോട്ടം തെറ്റരുത്

അബ്ദുൽ ജബ്ബാർ കൂരാരി

عَن عَبْدِ الله بن مَسْعُودٍ رَضِي اللَّهُ عَنهُ قَالَ: قَالَ رَسُولُ اللَّهِ ﷺ:النَّظْرَةُ سَهمٌ مِنْ سِهَامِ إِبليس ، مَنْ تَركَهَا مِنْ مَخَافَتِي أَبْدَلْتُه إِيمَانًا يَجِدُ حَلاوَتَه فِي قَلْبِه

**അബ്ദുല്ലാഹിബ്നു മസ്ഊദി(റ)ൽനിന്ന്: നബി(സ) അരുളി: "നോട്ടം പിശാചിന്റെ വിഷലിപ്തമായ അസ്ത്രങ്ങളിൽ പെട്ടതാണ്. എന്നെ ഭയന്ന് ആരെങ്കിലും അത് വർജിച്ചാൽ, അതിന് പകരമായി അവന് ഈമാൻ നൽകുന്നതാണ്. അതിന്റെ മാധുര്യം അവന്റെ ഹൃദയത്തിൽ അനുഭവപ്പെടും." (ത്വബ്റാനി)**

**സ്രഷ്ടാവായ** ദൈവം മനുഷ്യന് നൽകിയ അമൂല്യമായ അനുഗ്രഹമാണ് കണ്ണുകൾ. നല്ലത് മാത്രമേ അത് കൊണ്ട് കാണാൻ പാടുള്ളു. കാണേണ്ടത് കാണാതിരിക്കാനും പാടില്ല. തെറ്റുകൾക്ക് പ്രേരണ നൽകുന്നതിൽ നോട്ടത്തിന് പ്രധാന പങ്കുണ്ട്. അതിനാൽ നോട്ടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അനിയന്ത്രിതമായ നയനഭോഗം ആപത്തുണ്ടാക്കും.

മനുഷ്യ സമൂഹത്തെ വ്യഭിചാരത്തിന്റെ മ്ലേഛതയിൽനിന്ന് മോചിപ്പിക്കലാണ് നോട്ടം നിയന്ത്രിക്കുന്നതിന്റെ പ്രഥമലക്ഷ്യം. എല്ലാ മ്ലേഛ വികാരങ്ങളുടെയും അവിഹിത ബന്ധങ്ങളുടെയും ആദ്യപടി നോട്ടം തന്നെയാണ്.

ദൃഷ്ടി നിയന്ത്രിക്കുന്നതിൽ പുരുഷന്മാരുടെ അതേ നിയമം സ്ത്രീകൾക്കും ബാധകമാണ്.

ഒരിക്കൽ നബി(സ) തന്റെ പിതൃവ്യപുത്രൻ ഫദ്‌ലുബ്നു അബ്ബാസിന്റെ കഴുത്ത് തിരിച്ചു കളയുകയുണ്ടായി. ഹജ്ജ് വേളയിലാണ് സംഭവം. യാത്രക്കിടയിൽ സുന്ദരിയായ ഒരു ഗോത്രയുവതിയെ കണ്ടപ്പോൾ ഫദ്ല് അവളെ വളരെ നേരം നോക്കിയപ്പോഴാണ് തിരുമേനി അപ്രകാരം ചെയ്തത്. അബ്ബാസ് തിരുമേനിയോട് ചോദിച്ചു: "താങ്കൾ എന്തിനാണ് പിതൃവ്യപുത്രന്റെ കഴുത്ത് തിരിച്ചു കളഞ്ഞത്." റസൂൽ(സ) പറഞ്ഞു: "പരസ്പരം നോക്കുന്ന യുവാവും യുവതിയും ഇങ്ങനെ നോക്കിനിന്നാൽ അവർക്കിടയിൽ പിശാച് കടന്നു കയറുമെന്ന് ഞാൻ ഭയപ്പെട്ടു."

ഒരു നബിവചനത്തിൽ ഇങ്ങനെ കാണാം. പ്രവാചകൻ പറഞ്ഞു; "മനുഷ്യൻ തന്റെ മുഴുവൻ അവയവങ്ങൾ കൊണ്ടും വ്യഭിചരിക്കുന്നു. നോക്കുന്നത് കണ്ണിന്റെയും ശൃംഗാര സംസാരങ്ങൾ നാവിന്റെയും അശ്ലീല ശബ്ദാസ്വാദനം ചെവിയുടെയും വ്യഭിചാരമാണ്. സ്പർശനം നിഷിദ്ധത്തിലേക്ക് വഴിനടത്തുന്നു..." (ബുഖാരി, മുസ്‌ലിം).

കണ്ണും കാതും കൈകാലുകളും മനുഷ്യൻ നന്മചെയ്യാനാണ് പ്രപഞ്ചനാഥൻ സൃഷ്ടിച്ചിട്ടുള്ളത്. അതിനാൽ ഇവയുടെ പ്രവർത്തനങ്ങളെക്കുറിച്ചു നാളെ വിചാരണ ചെയ്യപ്പെടുന്നതാണ്. അല്ലാഹു പറയുന്നു: "നിനക്കറിവില്ലാത്തതിന്റെ പിറകെ നീ പോകരുത്. തീർച്ചയായും കണ്ണ്, കേൾവി, ഹൃദയം ഇവയെ സംബന്ധിച്ചെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്" (ഇസ്‌റാഅ് 36). നാം നമ്മുടെ ദൃഷ്ടിയെ നിയന്ത്രിക്കുക. പരലോക രക്ഷക്ക് അത് ഏറെ അനിവാര്യമാണ്. ■